# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 5145 — 15-11-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഒ.രാജഗോപാൽ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതി പ്രകാരം എത്ര വീടുകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാനമന്ത്രി ആവാസ് യോജന (നഗരം)- ലൈഫ് പദ്ധതിയിലെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ ഘടകത്തിൽ (BLC) ഉൾപ്പെടുത്തി സ്വന്തമായി ഭൂമിയുള്ളവർക്കായി 1,11,252 വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഡാറ്റാ ക്ലീനിംഗിനു ശേഷം 88,672 പേരെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ഭൂരഹിതർക്കായി അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്നേർഷിപ്പ് (AHP) ഘടകത്തിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങളിലായി 488 ഭവനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>പി.എം.എ.വൈ. (ഗ്രാമം) പദ്ധതി പ്രകാരം 42431 വീടുകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; സംസ്ഥാന സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; എത്ര വീടുകൾ പൂർത്തീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതിക്കായി കേന്ദ്ര സർക്കാർ 819.132 കോടി രൂപയും, സംസ്ഥാന സർക്കാർ 300.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച ഭവനങ്ങളിൽ 72,959 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും, 26,704 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>പി.എം.എ.വൈ. (ഗ്രാമം) പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ 114.71 കോടി രൂപയും സംസ്ഥാന സർക്കാർ 76.47 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ജി) പദ്ധതിയിൽ 12.11.2019 വരെ 16276 വീടുകൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ അനുവദിയ്ക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് അറിയിക്കുമോ? | (സി) | പ്രധാനമന്ത്രി ആവാസ് യോജന (നഗരം)- ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>a) നഗര പ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി താമസിക്കുന്നവർ<br>b) വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ<br>c) ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ<br>പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) യ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുള്ള അർഹരായ ഗുണഭോക്താ- |

ക്കളെയാണ്. അർഹരായ ഗുണഭോക്താക്കളുടെ മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽപ്പറയുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.

a) യന്ത്രവൽകൃത രണ്ടുചക്ര/മൂന്നു ചക്ര/നാല്യ ചക്ര വാഹനമോ, യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ

b) യന്ത്രവൽകൃത മൂന്നു ചക്ര/നാല്യ ചക്ര,കാർഷിക ഉപകരണങ്ങൾ ഉള്ളവർ

c) 50,000/- രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ.

d) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം

e) സർക്കാർ കാർഷികേതര സംരഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ

f) പ്രതിമാസം 10,000/- രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

g) വരുമാന നികുതി നൽകുന്നവർ ഉള്ള കുടുംബം

h) തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം

i) റെഫ്രിജറേറ്റർ ഉള്ള കുടുംബം

j) ലാന്റ് ലെയിൻ ഫോൺ ഉള്ള കുടുംബം

k) സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം

l) രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം

m) ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം

2. താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ പറയുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു.

a) ഭവനരഹിതർ

b) അഗതികൾ/യാചകർ

c) തോട്ടിപ്പണി ചെയ്യുന്നവർ

d) ആദിമ ഗോത്രവർഗ്ഗങ്ങൾ

e) വിമോചിതരായ അടിമപ്പണിക്കാർ

സെക്ഷൻ ഓഫീസർ